# ആരക്കുഴ പള്ളിയും റാത്തപ്പിള്ളി മുത്തിയും

ആരക്കുഴ പള്ളിയുടെ സ്ഥാപനത്തിനും പ്രധാന കാരണം റാത്തപ്പിള്ളി മുത്തിയാണെന്നാണ് പൂർവികൻമാർ പറഞ്ഞു കേട്ടിട്ടുള്ളത്. അക്കാലത്ത് കിഴക്കൻ പ്രദേശത്തെ ഏക ക്രിസ്തീയ ദേവാലയം മൈലക്കൊമ്പ് ആയിരുന്നു. ഞായറാഴ്ച ദിവസങ്ങളിലും മറ്റു വിശേഷാവസരങ്ങളിലും ആരക്കുഴ താമസിച്ചിരുന്ന ക്രിസ്ത്യാനികൾ മൈലക്കൊമ്പിൽ വന്നാണ് കുർബാന കണ്ടിരുന്നത്. ദൂരസ്ഥലങ്ങളിൽ നിന്നും വന്നിരുന്ന ജനങ്ങളെ ഉദ്ദേശിച്ച് അവിടുത്തെ കുർബാന ഏകദേശം ഉച്ചയോടെ മാത്രമാണ് നടത്തിയിരുന്നത്.എന്നാൽ ഒരു പുതിയ വികാരിയച്ചൻ മൈലക്കൊമ്പിൽ വന്നതോടുകൂടി കുർബാന അതിരാവിലെ നടത്തുവാൻ തുടങ്ങി. അതുകൊണ്ട് ദൂരസ്ഥലങ്ങളിൽ നിന്നു വരുന്നവർക്ക് കുർബാന കാണാൻ സാധിക്കാതെയായി. ഇതേപ്പറ്റി റാത്തപ്പിള്ളി മുത്തിയും മറ്റു ചിലരും വികാരിയച്ചന്റെ പക്കൽ സങ്കടം ഉണർത്തിച്ചെങ്കിലും അദ്ദേഹം അതു ഗൌനിച്ചില്ല. പതിവായി കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാതെ വന്നപ്പോൾ ആരക്കുഴെ ഒരു പള്ളി സ്ഥാപിക്കണമെന്ന് റാത്തപ്പിള്ളി മുത്തി നിശ്ചയിച്ചു. അന്നു കൊല്ലത്തു നിന്നും ഉദമ്പേരൂർ വില്ലാർവട്ടം രാജധാനിയിൽ വന്നു താമസിച്ചിരുന്ന സാബോർ മെത്രാനെ റാത്തപ്പിള്ളി മുത്തി ചെന്നു കണ്ട് പള്ളി സ്ഥാപനത്തിൽ ആവശ്യമായ അനുവാദം വാങ്ങി. പള്ളി സ്ഥാപിക്കുവാൻ എല്ലാ സൌകര്യങ്ങളും സഹായങ്ങളും ആരക്കുഴ ഉണ്ണ്യാതിരി ചെയ്തു കൊടുത്തു. അദ്ദേഹം തന്റെ ഇല്ലത്തിനും അമ്പലത്തിനും ഏറ്റവും അടുത്ത ഒരു പറമ്പ് പള്ളി സ്ഥാപനത്തിനു റാത്തപ്പിള്ളി മുത്തിയെ ഏല്പിച്ചു. ഇന്നുള്ള ആരക്കുഴ പള്ളിയുടെ ഏകദേശം ഒന്നര ഫർലോംഗ് വടക്കു മാറിയാണ് അതിന്റെ സ്ഥാനം. ആ പറമ്പ് ഇന്നും പള്ളി വകയാണ്. ഇപ്പോഴത്തെ കുരിശിൻതൊട്ടിയുടെ താഴെയുള്ള സ്ഥലത്തിനു പള്ളി അമ്പലത്തുങ്കൽ എന്നാണ് പേരു പറയുക. പള്ളിയും അമ്പലവും ഒരു പറമ്പിൽ തന്നെ ആയിരുന്നതുകൊണ്ടാണ് ആ പേരു ലഭിച്ചത്.

പരി.കന്യാമറിയത്തിന്റെ നാമത്തിലാണ് ആരക്കുഴ പള്ളി സ്ഥാപിച്ചത്. ഓല കൊണ്ടും പനമ്പുകൊണ്ടും മറച്ചുകെട്ടിയ ഒരു ചെറിയ കെട്ടിടമായിരുന്നു ആദ്യത്തെ പള്ളി. മാതാവിന്റെ അത്ഭുതശക്തിയും അനുഗ്രഹവും ആ പള്ളിക്ക് അതിന്റെ ആരംഭം മുതൽക്കു തന്നെ ധാരാളമായി ലഭിച്ചിരുന്നു.

ഒരിക്കൽ ആരക്കുഴ ഉണ്ണ്യാതിരിയുടെ കുറ്റക്കാരനായ ഒരു അടിമ പള്ളിക്കകത്തു കയറി അഭയം പ്രാപിച്ചു. ഉണ്ണ്യാതിരി വിവരം അറിഞ്ഞു വാതിൽ വെട്ടിപ്പൊളിച്ച് കുറ്റക്കാരനെ നിഷ്ക്കരുണം വധിച്ചു. ഇതിനു ഒരു ശിക്ഷയെന്നോണം പതിനെട്ടു മാസത്തേക്ക് ആരക്കുഴ മഴ പെയ്തില്ലത്രേ. അവസാനം ഉണ്ണ്യാതിരി തന്റെ കുറ്റം ഏറ്റു പറയുകയും ആരക്കുഴ പള്ളിക്ക് മുപ്പതു പറ അരിയും മറ്റു സാധനങ്ങളും ചെലവുചെയ്ത് പാച്ചോറു നേർന്നുകൊള്ളാമെന്ന് നിശ്ചയിച്ച് അതിന്റെ ചിലവിലേക്ക് ഏതാനും നിലങ്ങളും പുരയിടങ്ങളും പള്ളിക്ക് ദാനം ചെയ്തു. ഈ പാച്ചോറു നേർച്ചയെപറ്റി 1860-ൽ ആരക്കുഴ പള്ളി സന്ദർശിച്ച വരാപ്പുഴ മെത്രാപ്പോലീത്ത അഭിവന്ദ്യ ബർണാർദീനോസ് തിരുമേനിയുടെ എഴുത്തുകളിൽ കാണുന്നുണ്ട്.

ആരക്കുഴ ഉണ്ണ്യാതിരിയുടെ അമ്പലത്തിനും തൊട്ട് ഒരു ക്രിസ്തീയ ദേവാലയം പണിയാനും അതിനാവശ്യമായ സഹായസഹകരണങ്ങൾ നൽകാനും അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി എന്തായിരിക്കാം. ആരക്കുഴെ അന്നത്തെ ക്രിസ്ത്യാനികളും ഇടപ്രഭുവായ ഉണ്ണ്യാതിരിയും ഏകോദരസഹോദരങ്ങളെപ്പോലെയാണ് കഴിഞ്ഞിരുന്നത്. ആചാരമര്യാദകളിലും ഇവർ ഇരു കൂട്ടരും ഒന്നുപോലെയായിരുന്നു. അതിനു ചില കാരണങ്ങൾ ഇല്ലാതില്ല. ആരക്കുഴത്തെ ആദ്യക്രിസ്ത്യാനികൾ കൊടുങ്ങല്ലൂരിൽ നിന്നു വന്ന സവർണ്ണഹിന്ദുക്കൾ ജ്ഞാനസ്നാനം സ്വീകരിച്ചവരായിരുന്നു. മതവിശ്വാസത്തിലല്ലാതെ ആചാര രീതികളിൽ അവരെ തിരിച്ചറിയാൻ സാധിക്കുമായിരുന്നില്ല. കുടുമ്മി,പൂണൂൽ മുതലായവ അന്നത്തെ ക്രിസ്ത്യാനികൾക്കും ഉണ്ടായിരുന്നു. ഹിന്ദുക്കളുടെ. പുല, ഊട്ട്,ചാത്തം മുതലായവ അതേപടി ക്രിസ്ത്യാനികളും ആചരിച്ചിരുന്നു.

ഹിന്ദുക്കളുടെ മരുമക്കത്തായ സമ്പ്രദായം അക്കാലത്ത് ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്ത്യാനികളുടെ ഇടയിലും പ്രാബല്യത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടായിരിക്കണം പുരുഷൻമാരേക്കാൾ കൂടുതൽ സ്ഥാനം സ്ത്രീകൾക്കു ലഭിച്ചിരുന്നത്. റാത്തപ്പിള്ളി കുടുംബത്തിലെ ഒരു സ്ത്രീ പൊതുകാര്യങ്ങളിൽ ഏർപ്പെടുകയും ഒരു ദേവാലയം സ്ഥാപിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്തെങ്കിൽ അതു മുൻപറഞ്ഞ കാരണം കൊണ്ടത്രെ.